പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 4963

30.06.2014 ൽ മറുപടിക്ക്

## ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ

ചോദ്യം: ശ്രീ. എം.എ.ബേബി

ഉത്തരം : ശ്രീ.ഉമ്മൻചാണ്ടി
(ബഹു. മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) സംസ്ഥാനത്തെ എത്ര ഐ.എ.എസ്./ ഐ.പി.എസ്./ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്; ബന്ധപ്പെട്ടവരുടെ പേരുൾപ്പെടെ വിശദാംശങ്ങൾ നൽകുമോ; | (എ) സംസ്ഥാനത്തെ 45 ഐ.എ.എസ്., 28 ഐ.പി.എസ്, 15 ഐ.എഫ്.എസ്. ഉദ്യോഗസ്ഥർ കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ൽ ചേർക്കുന്നു. |
| (ബി) നിലവിൽ ഇപ്രകാരം ഡെപ്യൂട്ടേഷനിൽ പോകുന്നതിനുള്ള എത്ര അപേക്ഷകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്; അപേക്ഷകരുടെ പേരുൾപ്പെടെ വിശദാംശങ്ങൾ നൽകുമോ; | (ബി) നിലവിൽ (2014 വർഷം) ഇപ്രകാരം ഡെപ്യൂട്ടേഷനിൽ പോകുന്നതിനുള്ള ആറ് അപേക്ഷകൾ ലഭിക്കുകയും അതിൽ നാലെണ്ണം കേന്ദ്ര പേഴ്സണൽ മന്ത്രാലയത്തിനയച്ചുകൊടുക്കുകയും ചെയ്തു. രണ്ടെണ്ണം സർക്കാരിന്റെ പരിഗണനയിലാണ്. അപേക്ഷകരുടെ പേരുൾപ്പെടെ വിശദാംശങ്ങൾ അനുബന്ധം 2 ൽ ചേർക്കുന്നു. |
| (സി) ഐ.എ.എസ്./ ഐ.പി.എസ്./ ഐ.എഫ്.എസ്. കേഡറിലുള്ളവരെ നിയമിക്കേണ്ടതായ എത്ര ഒഴിവുകൾ സംസ്ഥാനത്തുണ്ട്? | (സി) ഐ.എ.എസ്. കേഡറിലുള്ളവരെ നിയമിക്കേണ്ടതായ 157 തസ്തികകളാണ് സംസ്ഥാനത്തുള്ളത്. അതിൽ നിലവിൽ 59 ഒഴിവുകളുണ്ട്. ഐ.പി.എസ്. കേഡറിലുള്ളവരെ നിയമിക്കേണ്ടതായ 111 തസ്തികകളാണ് സംസ്ഥാനത്തുള്ളത്. അതിൽ നിലവിൽ 24 ഒഴിവുകളുണ്ട്. ഐ.എഫ്.എസ്. കേഡറിലുള്ളവരെ നിയമിക്കേണ്ടതായ 78 തസ്തികകളാണ് സംസ്ഥാനത്തുള്ളത്. അതിൽ ഇപ്പോൾ 20 ഒഴിവുകളുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**